# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 192 — 18.03.2013-ൽ മറുപടിയ്ക്ക്

### <u>സ്വാഭാവിക വനവത്ക്കരണം നടപ്പിലാക്കിയ പ്രദേശത്തെ അഗ്നിബാധ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) പുനലൂർ നഗരസഭയോട് ചേർന്നു കിടക്കുന്ന പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പത്തുപറയിൽ സ്വാഭാവിക വനവത്ക്കരണം നടപ്പിലാക്കിയ പ്രദേശത്തുണ്ടായ അഗ്നിബാധയിൽ എത്ര ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) പുനലൂർ പിറവന്തൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട പത്തുപറയിലെ സ്വാഭാവിക വനവത്ക്കരണം നടപ്പിലാക്കിയ പ്രദേശത്തുണ്ടായ അഗ്നിബാധയിൽ 6,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ അന്വേഷണം നടത്തിവരുന്നു. |
| ബി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; കുറ്റവാളികൾക്ക് കർശന ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | ബി) ഇതുമായി ബന്ധപ്പെട്ട് പുനലൂർ ഡിവിഷനിൽപ്പെട്ട പത്തനാപുരം റെയിഞ്ചിൽ ഒ.ആർ 02/13 ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റവാളികൾക്ക് കർശന ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ